**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2378 14.06.2019-ലെ മറുപടിക്ക്

## വാണിജ്യ മേളകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പ്രളയത്തെ തുടർന്ന് മാറ്റിവെച്ച നാളികേര എക്സ്പോ, റബ്ബർ എക്സ്പോ എന്നിവ എന്നത്തേക്ക് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) പ്രളയത്തെ തുടർന്ന് മാറ്റിവെച്ച നാളികേര എക്സ്പോ 2019 ആഗസ്റ്റ് 17,18 തീയതികളിൽ കോഴിക്കോട് വെച്ചും റബ്ബർ എക്സ്പോ 2019 നവംബർ 2,3 തീയതികളിൽ കൊച്ചിയിൽ വെച്ചും നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം പ്രദർശനങ്ങളും ചർച്ചകളും വഴി റബ്ബർ, നാളികേരം എന്നിവയുടെ വ്യാപാരമേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ | (ബി) റബ്ബർ-നാളികേര ഉല്പ്പാദവും ഉല്പ്പാദനക്ഷമതയും വർദ്ധിപ്പിച്ച് സ്ഥായിയായ വളർച്ചയിലേക്ക് കേരളത്തെ എത്തിയ്ക്കുക എന്നതാണ് കോൺഫറൻസും എക്സ്പോയും മുഖേന ലക്ഷ്യമിടുന്നത്. ഉല്പ്പാദനം, ഉത്പാദനക്ഷമത, കൃഷിക്കാരുടെ വരുമാനം, റബ്ബർ/നാളികേര ശേഖരണം, മാർക്കറ്റിംഗ്, മൂല്യവർധിത ഉല്പന്നങ്ങൾ എന്നീ മേഖലകളെ കോൺഫറൻസ് കൈകാര്യം ചെയ്യുകയും ഇന്ത്യയിലേയും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുള്ള ഈ മേഖലയിലെ അനുഭവങ്ങൾ കണക്കിലെടുത്ത് ആത്യന്തികമായി ഈ മേഖലയിലെ കൂടുതൽ നിക്ഷേപം ലക്ഷ്യമിടുകയും ചെയ്യുന്നു. |
| (സി) റബ്ബർ, നാളികേരം എന്നിവയുടെ വ്യാപാരമേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കാൻ ഏതൊക്കെ രൂപത്തിലുള്ള പ്രദർശനങ്ങളും ചർച്ചകളും വഴി സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | (സി) എക്സ്പോ മുഖേന പുതിയ ഉല്പ്പനങ്ങൾ/പുതിയ സാങ്കേതിക വിദ്യകൾ, ഉല്പ്പന്ന വൈവിധ്യവത്ക്കരണം തുടങ്ങിയവ സംബന്ധിച്ച അറിവ് ലഭ്യമാകുന്നു. കോൺഫറൻസ് മുഖേന |

| | |
|---|---|
| | വിവിധ രാജ്യങ്ങളിലെ നൂതന വികസന പ്രവർത്തനങ്ങൾ, ദേശീയ അന്തർ ദേശീയസ്ഥാപനങ്ങൾ/ഏജൻസികൾ, വിദഗ്ധർ എന്നിവരുമായുള്ള പരസ്പരവ്യവഹാരം മുഖേന ഈ മേഖലയിലുണ്ടാകുന്ന അറിവുകൾ പ്രയോജനപ്പെടുത്തുന്നത് സാധിക്കുന്നു. റബ്ബർ-നാളികേരം എന്നിവയുടെ പ്രദർശനങ്ങളും ചർച്ചകളും സംബന്ധിച്ച വിഷയങ്ങൾ അന്തിമമാക്കുന്ന ഘട്ടത്തിലാണ്. |
| (ഡി) നാളികേരത്തിനും റബ്ബറിനും അന്തർദേശീയ ബ്രാന്റിംഗും കൂടുതൽ ദൃശ്യതയും കൈവരിക്കുന്നതിന് പ്രസ്തുത സംരംഭം സഹായിക്കുമോ; വ്യക്തമാക്കുമോ? | (ഡി) കോൺഫറൻസും, എക്സ്പോയും വഴി കൃഷിക്കാർ, ശാസ്ത്രജ്ഞർ,വ്യവസായ സംരംഭകർ, ഉല്പാദക സംഘങ്ങൾ എന്നിവരുമായി പുതിയ സാങ്കേതിക വിദ്യകൾ, വൈവിധ്യവത്ക്കരണത്തിന്റെ പുതിയ മേഖലകൾ, കൃഷിയുടെ പാരിസ്ഥിതിക ഫലങ്ങൾ, ഈ മേഖലയോടുള്ള ഇപ്പോഴത്തെ നയസമീപനങ്ങൾ എന്നിവ ഉന്നയിക്കും. റബ്ബർ, നാളികേര മേഖലയ്ക്ക് വേണ്ട നൂതന ആശയങ്ങൾ ആരാഞ്ഞ് സംസ്കരണ സംരംഭകർ, നിർമ്മാതാക്കൾ, വിതരണക്കാർ, ഫാബ്രിക്കേറ്റർമാർ, സംരംഭകർ എന്നിവരുടെ ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്ന വേദിയായി മാറും. പ്രാദേശിക കച്ചവടക്കാരേയും ദേശീയ അന്തർ ദേശീയ വ്യാപാരികളേയും സംസ്കരിക്കുന്നവരേയും വിതരണക്കാരേയും പങ്കെടുപ്പിക്കുന്ന ഒരു ബീറ്റു ബി മീറ്റും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്. ഇതുവഴി നാളികേരത്തിനും റബ്ബറിനും അന്തർദേശീയ ബ്രാന്റിംഗും കൂടുതൽ ദൃശ്യതയും കൈവരിക്കുന്നതിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**